# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.665 — 29/10/2019-ൽ മറുപടിക്ക്

### ട്രാൻസ് ഗ്രിഡ് പദ്ധതികളുടെ ടെണ്ടർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ്** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | ട്രാൻസ് ഗ്രിഡ് പദ്ധതികളുടെ നടത്തിപ്പിനായുള്ള ടെണ്ടറിൽ ഏതാനും ചില കമ്പനികൾക്കായി യോഗ്യതാ നിബന്ധനകളിൽ മാറ്റം വരുത്തിയത് എന്തിനാണെന്ന് വ്യക്തമാക്കുമോ; | (എ) | ട്രാൻസ് ഗ്രിഡ് പദ്ധതികളുടെ നടത്തിപ്പിനായുള്ള ടെൻഡറുകളിൽ 500 കോടി രൂപയുടെ ടേൺ ഓവർ ഉള്ള കമ്പനികൾക്ക് പങ്കെടുക്കാം എന്നതായിരുന്നു ആദ്യ സാമ്പത്തിക നിബന്ധന. എന്നാൽ ടേൺ ഓവർ 300 കോടിയായി കുറച്ചാൽ ടെണ്ടറിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കാമെന്നും അത് വഴി മൽസരം വർദ്ധിപ്പിക്കാനും ടെണ്ടർ തുക കുറയ്ക്കാനും സഹായിക്കുമെന്ന് കണ്ടാണ് അങ്ങനെ മാറ്റം വരുത്തിയത്. എന്നാൽ സാങ്കേതിക നിബന്ധനകളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. അതുകൊണ്ട് പദ്ധതിയുടെ നടത്തിപ്പിൽ ഗുണനിലവാരത്തിന് ഒരു കുറവുമുണ്ടാകുന്നില്ല. |
| (ബി) | കെ.എസ്.ഇ.ബി. ചിത്തിരപുരം യാർഡിലെ നിർമ്മാണത്തിന് അടങ്കൽ തുക കണക്കാക്കിയിട്ടുണ്ടോ; | (ബി) | ചിത്തിരപുരത്ത് സൈറ്റ് ലെവലിംഗ് ചെയ്ത് യാർഡ് ഒരുക്കുന്നതിന്റെ അടങ്കൽ തുക 11.18 കോടി രൂപയാണ്. |
| (സി) | പദ്ധതിയുടെ നടത്തിപ്പിൽ എസ്റ്റിമേറ്റ് തുക വളരെ ഉയർന്ന നിരക്കിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (സി) | പദ്ധതി നടപ്പിലാക്കുന്ന സ്ഥലത്തെ ഭൂപ്രകൃതി കണക്കിലെടുക്കുമ്പോൾ എസ്റ്റിമേറ്റ് തുക ഉയർന്ന നിരക്കിലാണെന്ന ആക്ഷേപം ശരിയല്ല. |
| (ഡി) | സർക്കാർ കമ്പനികളിലെ എസ്റ്റിമേറ്റ് തുക പി.ഡബ്ല്യൂ.ഡി. റേറ്റിനേക്കാൾ ഉയർന്ന നിരക്കിലാകാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ? | (ഡി) | സർക്കാർ കമ്പനികൾ ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ പി.ഡബ്ല്യു.ഡി ഏറ്റെടുക്കുന്ന നിർമ്മാണങ്ങൾക്ക് സമാനമായ പ്രവർത്തികളിൽ പി.ഡബ്ല്യു.ഡി റേറ്റിനേക്കാൾ ഉയർന്ന നിരക്ക് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.ഡബ്ല്യു.ഡി-യും കെ.എസ്.ഇ.ബി.എൽ അടക്കമുള്ള സർക്കാർ കമ്പനികളും മരാമത്ത് പണികൾക്ക് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR) പ്രകാരമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ